# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

2002 ജൂൺ 14-ാം തീയതി വെള്ളിയാഴ്ച

(ആകെ ചോദ്യങ്ങൾ - 30)

**61.** **എ. ഡി. ബിയുടെ വായ്പ ലഭിക്കുന്നതിനായി മുൻ ഗവൺമെന്റ് കൈക്കൊണ്ടിരുന്ന നടപടികൾ**
**62.** **റേഷൻകടകളെ മാർജിൻഫ്രീ മാർക്കറ്റ് ആക്കി മാറ്റുന്ന നടപടി**
**63.** **നിലം കൃഷി ചെയ്യുന്നതിനാവശ്യമായ സഹായവും ഇൻസെന്റീവും നൽകണമെന്ന ആവശ്യം**
**64.** **കൊപ്ര സംഭരണം**
**65.** **കർഷകർക്കുള്ള ക്ഷേമ പദ്ധതികൾ**
**66.** **വനം സർവ്വേ പൂർത്തിയാക്കുന്നതിന് നടപടി**
**67.** **സാംസ്കാരിക സ്ഥാപനങ്ങളിലെ നിയമനങ്ങൾ**
**68.** **പുതിയ ക്ഷീര വികസന പദ്ധതികൾ**
**69.** **ലൈസൻസിന് അപേക്ഷ ലഭിക്കാതിരുന്ന കള്ളുഷാപ്പുകൾ**
**70.** **കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം**
**71.** **കർഷകർക്കായുള്ള സ്പെഷ്യൽ പാക്കേജ്**
**72.** **മൂല്യവർദ്ധിത നികുതി സമ്പ്രദായം**
**73.** **സാധനങ്ങൾക്ക് പ്രവേശന നികുതി ചുമത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം**
**74.** **ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് നിലവിലുള്ള സംവിധാനം**
**75.** **ദേശസാൽകൃത ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതം**
**76.** **കേരളത്തെ കന്നുകാലി രോഗവിമുക്ത സംസ്ഥാനമാക്കാൻ നടപടി**
**77.** **സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരണം**
**78.** **ഭക്ഷ്യധാന്യങ്ങളുടെ സംഭരണ ലൈസൻസ് നിർത്തലാക്കിയ നടപടി**
**79.** **കയർ വ്യവയാസ മേഖല നേരിടുന്ന പ്രതിസന്ധി**
**80.** **എ.ഡി.ബി. വായ്പ**
**81.** **ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പ**
**82.** **പാലിന്റെ ഗുണനിലവാരം സംബന്ധിച്ച പഠന റിപ്പോർട്ട്**
**83.** **കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ**
**84.** **ഓൺ ലൈൻ ലോട്ടറി സംവിധാനം**
**85.** **ഭക്ഷ്യസാധനങ്ങളും മറ്റ് ധാന്യങ്ങളും വാങ്ങുന്നതിന് സബ്സിഡി**
**86.** **വ്യാജമദ്യം പിടിക്കുന്നതിന് നടത്തിയ റെയ്ഡുകൾ**
**87.** **മാവേലി സ്റ്റോറുകൾ**
**88.** **ചെത്ത്-മദ്യ വ്യവസായ തൊഴിലാളികൾ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കാനുള്ള നടപടി**
**89.** **കാർഷിക മേഖലയിൽ ജൈവ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ നടപടി**
**90.** **സംസ്ഥാനത്ത് എ.ഡി.ബി. വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ**

## എ. ഡി. ബിയുടെ വായ്പ ലഭിക്കുന്നതിനായി മുൻ ഗവൺമെന്റ് കൈക്കൊണ്ടിരുന്ന നടപടികൾ

61. ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. സുജനപാൽ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി. യുടെ വായ്പ ലഭിക്കുന്നതിനായി പുനരുദ്ധാരണം സാദ്ധ്യമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാമെന്നും ലാഭമില്ലാത്തവയിലെ ജീവനക്കാരെ വി. ആർ. എസ്. പ്രകാരം പിരിച്ചു വിട്ടുകൊള്ളാമെന്നും മുൻ ഗവൺമെന്റ് എ. ഡി. ബി. യോട് സമ്മതിച്ചിരുന്നുവോ;

(ബി) ഇത് സംബന്ധിച്ച് എ. ഡി. ബി. യും സംസ്ഥാന ഗവൺമെന്റ് പ്രതിനിധികളും തമ്മിൽ നടത്തിയ ചർച്ചയുടെ വിശദാംശം നൽകുമോ;

(സി) പുനരുദ്ധരിക്കാൻ സാദ്ധ്യമല്ലാത്ത പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാമെന്നും ലാഭത്തിൽ നടക്കാത്തവയിലെ ജീവനക്കാരെ വി. ആർ. എസ്. പ്രകാരം പിരിച്ചുവിടാമെന്നും എ. ഡി. ബി. യോട് സമ്മതിച്ച പ്രകാരം മുൻഗവൺമെന്റ് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ച് പൂട്ടുകയോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ വി. ആർ. എസ്. പ്രകാരം പിരിച്ചുവിടുകയോ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ ഏത് വ്യവസായമാണ് അടച്ചുപൂട്ടിയത് എന്നും എവിടെ നിന്നാണ് ജീവനക്കാരെ പിരിച്ചുവിട്ടതെന്നും വ്യക്തമാക്കാമോ?

**ഉത്തരം :**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :-**

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ അധിക ജീവനക്കാരെ കണ്ടെത്തുന്നതിനും അവർക്ക് വി. ആർ. എസ്. ബാധകമാക്കുവാനും മുൻ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിരുന്നു.

(ബി) പൊതുമേഖലയിൽ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുക ചെറുകിട വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുക. സ്വകാര്യ നിക്ഷേപങ്ങൾക്കു ഉതകുന്ന സാഹചര്യം ഒരുക്കുക എന്നിവ ഈ ചർച്ചയിൽ ഉൾപ്പെട്ടിരുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

**<u>റേഷൻകടകളെ മാർജിൻഫ്രീ മാർക്കറ്റ് ആക്കി മാറ്റുന്ന നടപടി</u>**

62. ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റേഷൻകടകളെ മാർജൻ ഫ്രീ മാർക്കറ്റുകളാക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് തീരുമാനം എന്നത്തേക്ക് ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം :**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ) :-**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**<u>നിലം കൃഷി ചെയ്യുന്നതിനാവശ്യമായ സഹായവും ഇൻസെന്റീവും നൽകണമെന്ന ആവശ്യം</u>**

63. ശ്രീ. തമ്പാനൂർ രവി :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ തരിശിടുന്ന ഭൂമിയിൽ കൃഷിയിറക്കുമെന്ന കെ. എസ്. കെ. ടി. യു. വിന്റെ പ്രഖ്യാപനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർക്ക് സ്വന്തം നിലം കൃഷി ചെയ്യുന്നതിനാവശ്യമായ സഹായവും ഇൻസെന്റീവും നൽകുമോ?

**ഉത്തരം :**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) ഇത്തരമൊരു പ്രഖ്യാപനത്തെക്കുറിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയതത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വന്തം നിലം കൃഷി ചെയ്യുന്നതിന് കർഷകരെ സഹായിക്കുന്നതിനായി ഉൽപാദന ഇൻസെന്റീവ് ഉൾപ്പെടെ വിവിധ പദ്ധതികൾ ഇപ്പോൾ തന്നെ ആവീഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നെൽകർഷകർക്കായി 2001–2002–ൽ നൽകിയ സഹായങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ നെല്ലടിസ്ഥാനമാക്കിയുള്ള കൃഷി സംവിധാനങ്ങളുടെ പരിപോഷണം – 615 ലക്ഷം രൂപ
(2) കേന്ദ്രാവിഷ്കൃത നെൽകൃഷി – 1400 ലക്ഷം രൂപ
(3) വൈദ്യുതി സൗജന്യം – 300 ലക്ഷം രൂപ
(4) നെൽകൃഷി മിനിക്കിറ്റ് – 11 ലക്ഷം രൂപ

ഇതിനുപുറമേ സ്പെഷ്യൽ പാക്കേജ് വഴി പ്രൊഡക്ഷൻ ഇൻസെന്റീവ് 8 കോടിയും നെല്ലു വാങ്ങലിന് ഹാന്റലിംഗ് ചാർജ് 6 കോടിയും അനുവദിച്ചു.

## കൊപ്ര സംഭരണം

64. ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര ടൺ കൊപ്ര സംഭരിക്കുവാനാണ് തീരുമാനിച്ചിരുന്നത്;

(ബി) ഇതിൽ എത്ര ടൺ സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) കൊപ്ര സംഭരിക്കുവാൻ ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിച്ചിരുന്നത്;

(ഡി) കൊപ്ര സംഭരണത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

**ഉത്തരം :**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) കേന്ദ്ര ഗവൺമെന്റിന്റെ താങ്ങുവില പദ്ധതി പ്രകാരം സംഭരണത്തിന് ടാർജറ്റൊന്നും നിശ്ചയിച്ചിട്ടില്ല.

(ബി) 31–3–02 വരെ 352 ടൺ കൊപ്ര സംഭരിച്ചു.

(സി) കൊപ്ര സംഭരിക്കുവാൻ കേന്ദ്രം നാഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നാഫെഡ് അതിന്റെ സ്റ്റേറ്റ് ലവൽ ഏജൻസികളായ കേരള കോ–ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ (ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ), കേരള കർഷക സഹകരണ ഫെഡറേഷൻ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ) എന്നിവ വഴിയാണ് കൊപ്ര സംഭരിക്കുന്നത്.

(ഡി) 31–3–2002 വരെ ശേഖരിച്ച കൊപ്ര, കൊപ്രയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| ജില്ല | സംഭരിച്ച കൊപ്രയുടെ അളവ് (ക്വിന്റലിനു) |
|---|---|
| തിരുവനന്തപുരം | 309.06 |
| കോഴിക്കോട് | 28.48 |
| കണ്ണൂർ | 2255.695 |
| ആലപ്പുഴ | 921.981 |
| ആകെ | 3515.216 |

## കർഷകർക്കുള്ള ക്ഷേമ പദ്ധതികൾ

65. ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് കർഷകർക്കുവേണ്ടി 210 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നുവോ;

(ബി) ഈ പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പാക്കേജ് അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) കേരളത്തിലെ നാളികേര കർഷകർക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ വർഷം 250 കോടി രൂപ അനുവദിച്ചിരുന്നുവോ; എങ്കിൽ അത് എപ്രകാരം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം :</u>

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്. ഈ ഗവൺമെന്റ് പ്രഖ്യാപിച്ച 210 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജിൽ കാർഷിക മേഖലയ്ക്കുള്ള വിഹിതം 95 കോടി രൂപയാണ്.

(ബി) റബർ സംഭരണത്തിന് 40 കോടി രൂപ, സഹകരണ സംഘങ്ങൾക്ക് കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനായി 11 കോടി രൂപ, നെല്ലിന് ഉൽപാദന ബോണസ് ഇനത്തിൽ 8 കോടി രൂപ, നെല്ല് സംഭരണത്തിന് 6 കോടി രൂപ, നെൽകൃഷിക്ക് വേണ്ടി വെള്ളം വറ്റിക്കുന്നതിനുള്ള പംപിംഗ് സബ്സിഡിയുടെ കുടിശ്ശിക തീർക്കുന്നതിന് 6 കോടി രൂപ, അടയ്ക്ക സംഭരണത്തിന് 10 കോടി രൂപ, ഇഞ്ചിയുടെ വാങ്ങൽ നികുതി റീ–ഇംബേഴ്സ് ചെയ്യുന്നതിന് 3 കോടി രൂപ, കുരുമുളക് കൃഷിക്കുള്ള ഉൽപാദന ഇൻസെന്റീവിന് 5 കോടി രൂപ, കാപ്പി കൃഷിക്കുള്ള ഉൽപാദന ഇൻസെന്റീവിന് 6 കോടി രൂപ.

(സി) പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നെല്ലിനുള്ള പ്രൊഡക്ഷൻ ഇൻസെന്റീവിന് നീക്കിവച്ച 8 കോടി രൂപ ചെലവഴിച്ചു. റബർ സംഭരണത്തിൽ സംഭരണ ഏജൻസിക്കുണ്ടായ നഷ്ടം നികത്തുന്ന ഇനത്തിൽ 60 ലക്ഷം രൂപ ചെലവഴിച്ചു. നെല്ലിന്റെ സംഭരണത്തിനു 350 ലക്ഷം രൂപയും അടയ്ക്ക സംഭരണത്തിന് 50 ലക്ഷം രൂപയും കഴിഞ്ഞ സാമ്പത്തികവർഷത്തിൽ തന്നെ ചിലവഴിച്ചു. ഇഞ്ചിക്ക് വാങ്ങൽ നികുതിയിളവിന് ആവശ്യമായ വിജ്ഞാപനം നികുതി വകുപ്പിൽ നിന്ന് പുറപ്പെടുവിച്ചു.

പാക്കേജനുസരിച്ചുള്ള പരിപാടികൾക്ക് ബാക്കിയുള്ള തുക കൂടി വകയിരുത്താൻ നടപ്പുവർഷത്തിൽ പരിപാടികൾ പൂർണമായി നടപ്പാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

## <u>വനം സർവ്വേ പൂർത്തിയാക്കുന്നതിന് നടപടി</u>

66. ശ്രീ. പി. ജയരാജൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം സർവ്വേ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പല സ്ഥലത്തും വ്യക്തമായ അതിരുകൾ രേഖപ്പെടുത്താത്തതു കാരണം വ്യാപകമായ വനം കയ്യേറ്റവും മരം കള്ളക്കടത്തും നടക്കുന്നതായി അറിയാമോ;

(സി) എങ്കിൽ ഇതു തടയുന്നതിന് സമയപരിധി നിശ്ചയിച്ച് വനം സർവ്വേ പൂർത്തിയാക്കുന്നതിന് ആവശ്യമായ പദ്ധതിക്ക് രൂപം നൽകുമോ;

(ഡി) കയ്യേറ്റത്തിന് വിധേയമായ സ്ഥലങ്ങൾ ഒഴിപ്പിച്ച്, സർവ്വേ ചെയ്ത്, ജെണ്ട കെട്ടി തിരിച്ച് വനമായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) വനം സർവ്വേ എപ്പോൾ പൂർത്തിയാക്കുമെന്ന് വിശദമാക്കാമമോ?

<u>ഉത്തരം :</u>

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി ) :-**

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) അതിരുകൾ രേഖപ്പുത്താത്തതുകാരണം വ്യാപകമായ വനം കയ്യേറ്റങ്ങളും മരം കള്ളക്കടത്തും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു.

(ഡി) കയ്യേറ്റത്തിന് വിധേയമായ സ്ഥലങ്ങൾ സംയുക്ത പരിശോധന നടത്തി 1–1–1977 ന് മുംപും പിൻപുമുള്ള കയ്യേറ്റങ്ങൾ വേർതിരിച്ച് നിയമാനുസൃതമല്ലാത്ത

കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ജെണ്ട കെട്ടി വനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) അടിയന്തിര പ്രാധാന്യം നൽകി സർവ്വേ പൂർത്തിയാക്കുവാൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർവ്വേ പൂർത്തിയാക്കുവാനാണ് സർക്കാരിന്റെ തീരുമാനം.

## സാംസ്കാരിക സ്ഥാപനങ്ങളിലെ നിയമനങ്ങൾ

67. ശ്രീ. വി. ബാലറാം :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എ. സുജനപാൽ :

ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങളിൽ മുൻ സർക്കാരിന്റെ കാലത്ത് നിയമങ്ങൾ പാലിക്കാതെയും ചട്ടങ്ങൾ ലംഘിച്ചും ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളെക്കുറിച്ചുള്ള ആക്ഷേപങ്ങളും പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം നിയമവിരുദ്ധമായി നിയമിച്ചവരെ പിരിച്ചുവിടാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഈ വിധത്തിൽ നിയമനം നേടിയവരെ പിരിച്ചുവിടുന്നതിന് എതിരായി ആരെങ്കിലും കോടതിയൽ നിന്ന് സ്റ്റേ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ആ സ്റ്റേ വെക്കേറ്റ് ചെയ്യാൻ നടപടി എടുക്കുമോ?

**ഉത്തരം :**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ) :-**

(എ) 1) കേരള ഫോക്‌ലോർ അക്കാഡമി
2) കേരള കലാമണ്ഡലം
3) കേരള സംസ്ഥാന ചലചിത്ര അക്കാഡമി
4) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. സ്റ്റേ നീക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പുതിയ ക്ഷീര വികസന പദ്ധതികൾ

68. ശ്രീ. എ. കെ. മണി :

ശ്രീ. ഡി. സുഗതൻ :

ശ്രീ. വി. ജെ. പൗലോസ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. പി. പി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡിന്റെ സഹായത്തോടുകൂടി പുതിയ ക്ഷീര വികസന പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിലൂടെ ക്ഷീര കർഷകർക്ക് എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം :**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) ഉണ്ട്.

(ബി) കേരളാ കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, മേഖലാ യൂണിയനുകൾ എന്നിവയുടെ പാൽ കൈകാര്യശേഷി, കാലിത്തീറ്റ നിർമ്മാണ ശേഷി എന്നിവ ഉയർത്താനുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി തിരുവനന്തപുരം മേഖലാ യൂണിയന് 16 കോടി രൂപയുടെയും മലബാർ മേഖലാ യൂണിയന് 14 കോടിരുപയുടേയും പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 98.38 ലക്ഷം രൂപ ഇതിനകം റിലീസ് ചെയ്തിട്ടുണ്ട്. എറണാകുളം യൂണിയനിൽ നടപ്പാക്കേണ്ട പദ്ധതികളെ

സംബന്ധിച്ച് തർക്കം നിലനിൽക്കുന്നത് കൊണ്ട് തുക അനുവദിക്കുന്നത് സംബന്ധിച്ച് വിഷയം ചർച്ച ചെയ്തു വരികയാണ്.

(സി) ഈ പദ്ധതിയിലൂടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിച്ച് വിതരണം ചെയ്യുവാൻ കഴിയുകയും, ആവശ്യാനുസരണം കാലിത്തീറ്റ കർഷകർക്ക് ലഭ്യമാക്കാനും കഴിയുന്നതാണ്.

## ലൈസൻസിന് അപേക്ഷ ലഭിക്കാതിരുന്ന കള്ളുഷാപ്പുകൾ

69. ശ്രീ. പി. ടി. തോമസ് :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. തോറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എത്ര കള്ളുഷാപ്പുകൾ നടത്തുന്നതിനുള്ള ലൈസൻസുകൾക്കാണ് 2002 മേയ് 31 വരെ അപേക്ഷ ലഭിക്കാതിരുന്നിട്ടുള്ളത്;

(ബി) അപേക്ഷ ലഭിക്കാതിരുന്ന ഷാപ്പുകൾക്ക് അപേക്ഷിക്കാൻ തയ്യാറായവരെ എക്സൈസ് അധികൃതർ പിൻതിരിപ്പിച്ചതായി ആരോപണം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആരോപണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ലൈസൻസിന് അപേക്ഷകരില്ലാത്ത കള്ളുഷാപ്പുകൾ നടത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം :</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :-**

(എ) 1035 ഷാപ്പുകൾക്ക്.

(ബി) ഇല്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 12-6-2002 വരെ വിൽപനയൽ പോകാത്ത 811 ഷാപ്പുകൾക്ക് തൊഴിലാളികളുടെ ഒരു മാസത്തെ വേതനം മുൻകൂർ അടയ്ക്കണമെന്ന വ്യവസ്ഥ ഇല്ലാതാക്കുകയും, തൊഴിലാളി ക്ഷേമ നിധി വിഹിതത്തിൽ മൂന്ന് മാസത്തെ തുക അടയ്ക്കണമെന്ന വ്യവസ്ഥ മാറ്റി ഒരു മാസമാക്കുകയും കൂടാതെ ഒരാൾക്ക് ഒരു ഷാപ്പിന് മാത്രമേ ലൈസൻസ് നൽകു എന്നുള്ള വ്യവസ്ഥ മാറ്റി മൂന്ന് ഷാപ്പുവരെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

## കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം

70. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) വിലത്തകർച്ചമൂലം കടത്തിൽ മുങ്ങിയ കർഷകരെ സഹായിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) കാർഷിക മേഖലയ്ക്കുണ്ടി 2001-2002-ലെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവച്ചിരിക്കുന്നത്; ഇതിൽ എത്ര തുക ചെലവഴിച്ചു;

(എഫ്) കാർഷിക മേഖലയിലെ വിലത്തകർച്ചമൂലം കർഷകർ ആത്മഹത്യ ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇതിനകം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം :</u>**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) യും (ബി) യും കാർഷിക മേഖലയിലെ പ്രതിസന്ധിക്കും വിലത്തകർച്ചയ്ക്കും പരിഹാരം കാണുന്നതിനു കാർഷിക വികസനത്തിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിയതിനു പുറമേ 95 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് നടപടികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കൂടാതെ കാർഷിക പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനു ആധുനിക ജൈവ സാങ്കേതിക വിദ്യയും വിവര സാങ്കേതിക വിദ്യയും പരമാവധി പ്രയോജനപ്പെടുത്തി വിളകളുടെ ഉൽപാദന ക്ഷമത വർദ്ധിപ്പിച്ചും ചെലവു കുറഞ്ഞ കൃഷിരീതികൾ സ്വീകരിച്ചു കൃഷി ലാഭകരമാക്കാനുള്ള പദ്ധതികൾക്കു രൂപം നൽകാനും അതു സംബന്ധിച്ച് ശുപർശകൾ നൽകാനും ഡോ. വി. എൽ. ചോപ്ര ചെയർമാനായുള്ള ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ ആഗോളവൽക്കരണമൂലവും കേന്ദ്രത്തിന്റെ ഇറക്കുമതി നയം മൂലവും കാർഷികമേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

(സി) യും (ബി) യും കടക്കാരായ കർഷകർക്കു ആശ്വാസം നൽകുന്നതിനു കാർഷിക കടാശ്വാസനിയമം കൊണ്ടുവന്നിട്ടുണ്ട്. ഇതനുസരിച്ച് കൃഷിക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് താല്ക്കാലിക മൊറോട്ടോറിയവും പലിശയിളവും അനുവദിച്ചിട്ടുണ്ട്.

(ഇ) കൃഷിക്കും മണ്ണുസംരക്ഷണത്തിനും കൂടി ആകെ അനുവദിച്ച 156.57 കോടിരൂപയിൽ 129.90 കോടിരൂപ ചെലവഴിച്ചു.

(എഫ്) യും (ജി) യും കാർഷിക മേഖലയിലെ വിലത്തകർച്ചമൂലം ആത്മഹത്യകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എത്ര ആത്മഹത്യകളാണ് നടന്നതെന്ന് ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## <u>കർഷകർക്കായുള്ള സ്പെഷ്യൽ പാക്കേജ്</u>

71. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
ശ്രീ. എ.കെ. മണി:
ശ്രീ. ഡി. സുഗതൻ:
ശ്രീ. കെ. മോഹൻകുമാർ:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) കർഷകർക്കുവേണ്ടി 2002 ഫെബ്രുവരി-മാർച്ചിൽ ഒരു പാക്കേജ് തയ്യാറാക്കിയിരുന്നുവോ; അതിനുവേണ്ടി എത്ര തുക ഉൾക്കൊള്ളിച്ചിരുന്നു;

(ബി) ഈ തുക കർഷകർക്ക് നേരിട്ട് നൽകാൻ ഉദ്ദേശിച്ചിരുന്നുവോ;

(സി) എല്ലാ കർഷകർക്കും അതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഡി) ഈ തുകയുടെ പ്രയോജനം എല്ലാ കർഷകർക്കും നേരിട്ട് ലഭിക്കുന്നതിനുള്ള ഒരു സ്കീം ആരെങ്കിലും ഗവൺമെന്റിന് സമർപ്പിച്ചിരുന്നുവോ; എങ്കിൽ ആര്; പ്രസ്തുത സ്കീമിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം.</u>**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ)തയ്യാറാക്കിയിരിക്കുന്നു. അതിൽ കാർഷിക മേഖലയ്ക്ക് 95 കോടി രൂപ ഉൾക്കൊള്ളിച്ചിരുന്നു.

(ബി) പദ്ധതി ആനുകൂല്യങ്ങളിൽ ചിലത് കൃഷിക്കാർക്ക് നേരിട്ടും മറ്റുള്ളവ മറ്റുവിധത്തിലും ചിലവാക്കുന്നതിനു തീരുമാനിച്ചിരുന്നു. പാക്കേജ് പ്രകാരം ഇതുവരെ ചിലവഴിക്കാൻ കിട്ടിയത് 12.60 കോടി രൂപയാണ്.

(സി) നെൽകൃഷിക്കാർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ഇനത്തിൽ ഒരു ഹെക്ടറിനു 350 രൂപവച്ചു 8 കോടി രൂപയും നെല്ലുസംഭരണം വഴി 350 ലക്ഷം രൂപയും കാംപ്കോ വഴി അടയ്ക്കാ സംഭരണത്തിൽ 50 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. കൂടാതെ റബ്ബർമാർക്കറ്റുമുഖേന പ്രഖ്യാപിത വിലയ്ക്ക് റബ്ബർ സംഭരിച്ചയിനത്തിൽ അവർക്കുണ്ടായ നഷ്ടം നികത്താൻ 60 ലക്ഷം രൂപയും സ്പെഷ്യൽ പാക്കേജ് തുകയിൽനിന്നും വിനിയോഗിച്ചു.

(ഡി) പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പലഭാഗത്തുനിന്നും ലഭിക്കാറുണ്ട്. അവ പരിശോധിച്ച് സ്വീകരിക്കാവുന്നവ സ്വീകരിക്കാറുണ്ട്. ചോദ്യത്തിൽ ഉദ്ദേശിക്കുന്ന സ്കീം ഏതാണെന്നു വ്യക്തമല്ല.

## മൂല്യവർദ്ധിത നികുതി സമ്പ്രദായം

72. ശ്രീ. പി.ജെ. ജോയി:
ശ്രീ. ടി.എൻ. പ്രതാപൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ;
ശ്രീ. എൻ. ശക്തൻ:
ശ്രീമതി രാധാരാഘവൻ: : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം എന്നുമുതൽ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്;

(ബി) ഈ സമ്പ്രദായം ഏർപ്പെടുത്തുന്നപക്ഷം സംസ്ഥാനത്തിന്റെ നികുതി പിരിവിൽ എന്തെങ്കിലും കുറവുണ്ടാകുമോ;

(സി) എങ്കിൽ എന്തു കുറവുവരുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സമ്പ്രദായത്തിൽ നിന്നും ഏതെങ്കിലും സാധനങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) 1-4-2003 മുതൽ

(ബി), (സി)

ഈ സംപ്രദായം നിലവിൽ വരുംപോൾ എല്ലാ ഘട്ടത്തിലുള്ള വ്യാപാരികളും രജിസ്റ്റർ ചെയ്യുകയും നികുതി അടയ്ക്കുകയും ചെയ്യുന്നതുവഴി റവന്യൂ വരുമാനം വർദ്ധിക്കാൻ ഇടയുണ്ട്. അതുപോലെ അഡീഷണൽ എക്സൈസ് ഡ്യൂട്ടി ബാധകമായ വസ്ത്തുക്കൾക്കും (തുണിത്തരങ്ങൾ, പഞ്ചസാര, പുകയില) സർവ്വീസുകൾ നികുതി ബാധകമാക്കണമെന്ന് എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ചെയ്യാൻ കഴിഞ്ഞാൽ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. കേന്ദ്ര വില്പന നികുതിയിൻമേൽ കിഴിവ് അനുവദിക്കേണ്ട ഇനത്തിലാണ് പ്രധാനമായും നികുതി വരുമാനത്തിൽ കുറവിന് സാദ്ധ്യതയുള്ളത്. വിശദമായ പഠനം നടത്തിവരുന്നു.

(ഡി) വിശദമായ പഠനം നടക്കുന്നതേയുള്ളു.

## സാധനങ്ങൾക്ക് പ്രവേശന നികുതി ചുമത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം

73. ശ്രീ. വി.ജെ. പൗലോസ്:
ശ്രീ.എം.എ. ചന്ദ്രശേഖരൻ:
ശ്രീ. എ.പി. അനിൽകുമാർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധനങ്ങൾക്ക് പ്രവേശന നികുതി ചുമത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ;

(ബി) പ്രവേശന നികുതി ചുമത്തുന്ന സാധനം ഇറക്കുമതി ചെയ്ത് വ്യവസായം നടത്തുന്നവരെ പ്രസ്തുത നികുതി എപ്രകാരം ബാധിക്കുമെന്ന കാര്യം നികുതി ചുമത്തുമ്പോൾ പരിഗണിക്കാറുണ്ടോ;

(സി) സംസ്ഥാനത്തേക്കു കടത്തുന്ന തടിക്ക് പ്രവേശന നികുതി ചുമത്തിയതുമൂലം തടി ഇറക്കുമതി ചെയ്ത് തടിയുരുപ്പടികൾ കയറ്റി അയയ്ക്കുന്നവരും തകർച്ചയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രവേശന നികുതി ഏർപ്പെടുത്തിയശേഷം എത്ര തടിവ്യവസായികൾ അവരുടെ യൂണിറ്റുകൾ നിർത്തലാക്കുകയോ അന്യ സംസ്ഥാനത്തേയ്ക്ക് മാറ്റുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) വിലപിടിപ്പുള്ള പല സാധനങ്ങളും സംസ്ഥാനത്തിനകത്തേക്ക് നികുതി നൽകാതെ കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനും നികുതി വരുമാനം

വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് സാധനങ്ങൾക്ക് പ്രവേശന നികുതി ചുമത്തുന്നത്. വൻതോതിൽ നികുതി വെട്ടിപ്പ് നടക്കുന്നുണ്ടെന്ന് ബോധ്യമുള്ള വസ്തുക്കളാണ് സാധാരണയായി ഉൾപ്പെടുത്താറുള്ളത്.

(ബി) ഉണ്ട്.

(സി) തടി ഇറക്കുമതിചെയ്ത് ഉരുപ്പടികളാക്കി സ്വന്തമായി ഉപയോഗിക്കുന്നതിന് പ്രവേശന നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ തടി ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികളെ പ്രവേശന നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരമൊരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് നിലവിലുള്ള സംവിധാനം

74. ശ്രീ. പി.എസ്. സുപാൽ:
ശ്രീ. ബിനോയ് വിശ്വം:
ശ്രീ. എൻ. രാജൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും സപോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(ബി) നിലവിലുള്ള സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) വനം വകുപ്പിന്റെ കീഴിൽ രൂപീകരിക്കുന്ന വനം സംരക്ഷണ സമിതികളെ ഈ ചുമതല ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) പരമ്പരാഗതമായ ഈ തൊഴിൽ മേഖലയിൽ ആദിവാസികൾ പിൻതള്ളപ്പെടുമെന്നതുകൊണ്ട് ഈ തീരുമാനം പുന:പരിശോധിക്കുമോ?

<u>**ഉത്തരം**</u>

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) ഗിരിജന സഹകരണ സംഘങ്ങൾ മുഖേന ചെറുകിട വനവിഭവശേഖരണം നടത്തുന്നതിനുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്.

<u>(ബി)യും (സി)യും</u>

പങ്കാളിത്ത വനപരിപാലന തത്വങ്ങളുടെയും കേന്ദ്രവന നയത്തിന്റെയും അടിസ്ഥാനത്തിൽ വനവിഭവ പരിപാലനത്തിൽ ആദിവാസികൾക്ക് സജീവ പങ്കാളിത്തം ഉറപ്പാക്കത്തക്ക രീതിയിൽ ചെറുകിട വനവിഭവ ശേഖരണം ആദിവാസി വനസംരക്ഷണ സമിതികളെ ഏൽപ്പിക്കുന്നതിനുള്ള നിർദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) വനപരിപാലനത്തിൽ ആദിവാസികളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലുള്ള നിർദ്ദേശമാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്. ഈ പ്രശ്നത്തിന്റെ വിവിധ വശങ്ങളും അഭിപ്രായവും വിലയിരുത്തി മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളു.

## ദേശസാൽകൃത ബാങ്കുകളുടെ വായ്പാനിക്ഷേപ അനുപാതം

75. ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം കുറയുന്നു എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനതല ബാങ്കിംഗ് കമ്മിറ്റിയോഗം അവസാനമായി ചേർന്നത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ;

(സി) കേരളത്തിലെ വായ്പാ നിക്ഷേപ അനുപാതം 2001-2002 വർഷം എത്രയായിരുന്ന എന്ന് വ്യക്തമാക്കുമോ;

(ഡി) മുൻവർഷങ്ങളുമായി താരതമ്യം ചെയ്താൽ ഈ അനുപാതത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ദേശസാൽകൃത ബാങ്കുകളുടെ വായ്പാ നിക്ഷേപാനുപാതം കുറഞ്ഞു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

ഇതു പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ആസൂത്രണബോർഡ് ഇതിനകംതന്നെ കേരളത്തിലെ ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതം കുറഞ്ഞുവരുന്നതിനെക്കുറിച്ച് റിസർവ് ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽക്കൊണ്ടു വന്നിട്ടുണ്ട്. കേരളത്തിന്റെ വികസനത്തിന് കൂടുതൽ ബാങ്ക് വായ്പ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരളത്തിൽ പ്രവർത്തിക്കുന്ന പ്രധാന ബാങ്കുകളുടെ മേധാവികളുമായും ആസൂത്രണ ബോർഡ് ചർച്ചകൾ നടത്തി വരുന്നു. പത്താം പദ്ധതിയിൽ ബാങ്കിംഗ് മേഖലയുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 2001 ജൂലൈ മാസത്തിൽ കൂടി ബാങ്കുകളുടെ സ്റ്റേറ്റ് ലവൽ കോർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ ബാങ്ക് മേധാവികളേയും മറ്റു വിദഗ്ധരേയും ഉൾപ്പെടുത്തി വിഭവ സമാഹരണത്തിനും നിക്ഷേപാനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിവിധ മേഖലകളിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് വായ്പ ലഭ്യമാക്കുന്ന കാര്യത്തിൽ ബാങ്കുകൾ പ്രത്യേക താൽപര്യം കാണിക്കണമെന്ന് ആസൂത്രണബോർഡ് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തൊഴിൽ നിയമ ഭേദഗതി, ഗ്ലോബൽ ഇൻവസ്റ്റ്മെന്റ് മീറ്റ് എന്നിവ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഒരു നിക്ഷേപാനുകൂല സാഹചര്യം സംജാതമായിക്കഴിഞ്ഞാൽ ബാങ്ക് വായ്പകൾ ലഭ്യമാക്കിക്കൊണ്ട് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ കൂടുതൽ സംരംഭകർ മുന്നോട്ടു വരുമെന്നും അതുവഴി സംസ്ഥാനത്തെ ബാങ്കുകളുടെം വായ്പാ-നിക്ഷേപ അനുപാതം ഉയരുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) 18-4-2002-ൽ

(സി) വായ്പാ-നിക്ഷേപ അനുപാതം കണക്കാക്കി വരുന്നത് ഒരു നിശ്ചിത തീയതിയെ ആസ്പദമാക്കിയാണ്. വാർഷികാടിസ്ഥാനത്തിൽ കണക്കാക്കാറില്ല. 31.12.2001ൽ കേരളത്തിലെ ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതം 44.11 മാണ്.

(ഡി) നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## <u>കേരളത്തെ കന്നുകാലി രോഗവിമുക്ത സംസ്ഥാനമാക്കാൻ നടപടി</u>

76. ശ്രീ. പി.പി. ജോർജ്.
പ്രൊഫസർ. എ.ഡി. മുസ്തഫ:
ശ്രീ. ജോർജ്. ജെ. മാത്യു:
ശ്രീ. കെ. ബാബു: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു കന്നുകാലി രോഗവിമുക്ത സംസ്ഥാനം ആക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു;

(സി) അടുത്ത നാലു വർഷത്തിനുള്ളിൽ എത്ര വെറ്ററിനറി ഹോസ്പിറ്റലുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നു;

(ഡി) രോഗ നിരോധനത്തിനുള്ള കുത്തി വയ്പ് കന്നുകുട്ടികൾ ജനിക്കുമ്പോൾതന്നെ നൽകുന്നതിനുള്ള പരിശീലനം ക്ഷീരകർഷകർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കേരളത്തെ ഒരു കന്നുകാലി രോഗ വിമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ മൃഗ സംരക്ഷണ വകുപ്പു ഉദ്ദേശിക്കുന്നു.

1. സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സാംക്രമിക രോഗങ്ങൾക്കെതിവെ സൗജന്യ പ്രതിരോധ കുത്തിവയ്പ് നൽകുക
2. രോഗ നിരീക്ഷണവും ഗവേഷണവും ശക്തിപ്പെടുത്തുക
3. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക
4. എൻ.ഡി.ഡി.ബിയുടെ സഹായത്തോടുകൂടി രോവിമുക്ത മേഖലാ പ്രവർത്തനം തെക്കൻ ജില്ലകളിൽ ശക്തിപ്പെടുത്താൻ പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്.

(സി) സർക്കാരിന്റെ ഇപ്പോഴത്തെ സാംപത്തിക പരാധീനത കണക്കിലെടുത്ത് പുതിയ വെറ്ററിനറി ഹോസ്പിറ്റലുകൾ ആരംഭിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഇല്ല.

## സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരണം

77. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന സംരക്ഷണ നിയമം കര്യക്ഷമമായി നടപ്പാക്കാൻ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം എന്തൊക്കെയായിരിക്കുമെന്നും പ്രസതുത ഫോഴ്സിന്റെ നിയന്ത്രണം ആർക്കാണെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) റാപ്പിഡ് ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) വനംവകുപ്പിൽ റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ രണ്ട് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇവ നിലംബൂരും കോന്നിയും ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത യൂണിറ്റുകളിൽ ഓരോന്നിലും താഴെ പറയുന്ന ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.

1. അസിസ്റ്റന്റ് കൺസർവേറ്റർ – 1
2. പോലീസ് സബ്ഇൻസ്പെക്ടർ 1
3. ഹെഡ് കോൺസ്റ്റബിൾ – 3
4. പോലീസ് കോൺസ്റ്റബിൾ – 20

(സി) അടിയന്തിര ഘട്ടങ്ങളിലാണ് റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സഹായം തേടുന്നത്. അതായത് സംഘടിതമായ വനംകൈയേറ്റം വൻതോതിൽ നടക്കുംപോൾ, വൻതോതിൽ വനത്തിൽനിന്നും തടികൾ അനധികൃതമായി മുറിക്കുംപോൾ, വനഭൂമിയിൽ കഞ്ചാവു കൃഷി നടത്തുംപോൾ, വന്യജീവികളെ വേട്ടയാടുംപോൾ, വനഭൂമിയിൽ ചാരായവാറ്റു നടക്കുമ്പോൾ തുടങ്ങിയ വനനിയമവിരുദ്ധ പ്രവർത്തനങ്ങളെ നേരിടുന്നതിനാണ് റാപ്പിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം വിനിയോഗിക്കുന്നത്. കോന്നി ആസ്ഥാനമായി പ്രവർത്തിക്കുന്ന യൂണിറ്റിന്റെ നിയന്ത്രണം കൊല്ലം സതേൺ സർക്കിൾ ഫോറസ്ററ് കൺസർവേറ്റർക്കും നിലംബൂർ യൂണിറ്റിന്റെ നിയന്ത്രണം പാലക്കാട് ഈസ്റേറൺ സർക്കിൾ ഫോറസ്ററ് കൺസർവേറ്റർക്കുമാണ്.

## ഭക്ഷ്യധാന്യങ്ങളുടെ സംഭരണ ലൈസൻസ് നിർത്തലാക്കിയ നടപടി

78. ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. എ.എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം റുപടി നൽകുമോ:

(എ) ഭക്ഷ്യധാന്യങ്ങളുടെ സംഭരണ ലൈസൻസ് നിർത്തലാക്കിയതുമൂലം സർക്കാരിന് എത്ര രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായി എന്നു വെളിപ്പെടുത്തുമോ:

(ബി) സംസ്ഥാനത്ത് ആരൊക്കെ എന്തുമാത്രം ഭക്ഷ്യധാന്യങ്ങൾ സംഭരിച്ചിട്ടുണ്ട് എന്നു മനസ്സിലാക്കുവാനും അതിന്റെ അളവ് തിട്ടപ്പെടുത്തുവാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഭക്ഷ്യധാന്യ സംഭരണ ലൈസൻസ് നിർത്തിയതിലൂടെ ഉണ്ടാകാൻ സാദ്ധ്യതയുള്ള പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവയെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്ത് ബദൽ സംവിധാനം സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി):-**

(എ) 8 കോടി രൂപയോളം നഷ്ടം പ്രതിവർഷം ഉണ്ടാകാനിടയുണ്ടെന്നാണ് പ്രാഥമിക തിട്ടപ്പെടുത്തലുകൾ വെളിവാക്കുന്നത്. ശാസ്ത്രീയമായ ഒരു തിട്ടപ്പെടുത്തൽ നടത്തിയിട്ടില്ല.

(ബി) ഇക്കാര്യം ഔദ്യോഗികമായി തിട്ടപ്പെടുത്താൻ നിലവിൽ സംവിധാനമുള്ളതായി അറിവില്ല.

(സി) ലൈസൻസ് ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ ഉണ്ടാകാവുന്ന അന്യായ വർദ്ധനവ്, പൂഴ്ത്തിവയ്പ്, കരിംചന്ത എന്നിവയെക്കുറിച്ച് ഒരു പ്രത്യേക പഠനം നടത്തിയിട്ടില്ല. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

## കയർ വ്യവയാസ മേഖല നേരിടുന്ന പ്രതിസന്ധി

79. ശ്രീ. ടി.പി. രാമകൃഷ്ണൻ:
ഡോക്ടർ തോമസ് ഐസക്:
ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായമേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതതെന്ന് വ്യക്തമാക്കാമോ;

(ബി) കയറും കയർ ഉൽപ്പന്നങ്ങളും കെട്ടിക്കിടക്കുന്നതുമൂലം സംസ്ഥാനത്തെ കയർതൊഴിലാളികളും ചെറുകിയ ഫാക്ടറി ഉടമകളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയർത്തൊഴിലാളികളുടെ സമരത്തെ തുടർന്ന് സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാം;

(ഡി) പ്രസ്തുത ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) കയറിന്റെ പർച്ചേസ് വില നിർത്തലാക്കിയ കയർ ബോർഡിന്റെ തീരുമാനം കയർമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധിക്ക് അടിയന്തിരാശ്വാസ നടപടി എന്ന നിലയ്ക്ക് കഴിഞ്ഞ വർഷങ്ങളിലെ റിബേറ്റ് കുടിശ്ശികയിനത്തിൽ നൽകുവാനുണ്ടായിരുന്ന മുഴുവൻ തുകയും കൊടുത്തു തീർത്തു. ഇതിനായി ഏഴു കോടി രൂപ അനുവദിച്ചു നൽകി. കെട്ടികിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങുന്നതിന് യൂസ്ട്രസ് പർച്ചേസ് നടത്തുന്നതിനായി എട്ട് കോടി രൂപയും അനുവദിച്ചു. കയർ തൊഴിലാളികൾക്ക് പെൻഷൻ നൽകാൻ 2001-2002 വർഷത്തിൽ ഗവൺമെന്റ് 280 ലക്ഷം രൂപ അനുവദിച്ചു. കയർ വ്യവസായമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും മേഖലയുടെ ഉന്നമനത്തിനുമായുള്ള ഭാവി പരിപാടികൾ ചർച്ച ചെയ്യാനുംവേണ്ടി കേന്ദ്ര സംസ്ഥാന സെക്രട്ടറിമാർ, കയർ മേഖലയുടെ വിവിധ പ്രതിനിധികൾ എന്നിവരുമായി മന്ത്രിതലത്തിൽ വിശദമായി ചർച്ച നടത്തി. ഐ.സി.എ.ആർ ന്റെ കീഴിൽ, കേരളത്തിൽ ഒരു കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ കേന്ദ്രകൃഷി വകുപ്പ് മന്ത്രിയ്ക്ക് കത്ത് അയച്ചു. 2002-2003 പദ്ധതിയിൽ വിഹിതം ഉൾക്കൊള്ളിച്ച വിവിധ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കയർ മേഖലയെക്കുറിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനുള്ള പദ്ധതിയും ഇതിൽ ഉൾപ്പെടുന്നുണ്ട്.

2002–2003 വര്‍ഷത്തില്‍ സാംപത്തിക വര്‍ഷത്തില്‍, വൈക്കം കയറിനും അഞ്ചുതെങ്ങിനും ഡിമാന്റുകള്‍ ഉണ്ട്. സൊസൈറ്റികളുടെയും കയര്‍ കെട്ടിക്കിടക്കുന്നില്ല. ആറാട്ടുവഴിക്കു മാത്രമാണ് ഓര്‍ഡര്‍ കുറവ്. അത് വാങ്ങുന്നുണ്ട്. ഫാക്ടറിരംഗത്തും വിദേശ ഓര്‍ഡര്‍ ഉള്ളതിനാല്‍ പ്രതിസന്ധിയില്ല.

(ബി) ഉണ്ട്.

(സി) ആന്റ് (ഡി)

കയര്‍ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാര നടപടികളും സംബന്ധിച്ച് കൂടുതല്‍ ചര്‍ച്ച നടത്തി സര്‍ക്കാരിന് റിപ്പോര്‍ട്ട് സമര്‍പ്പിക്കാന്‍ തൊഴില്‍ വകുപ്പ് ഒരു കമ്മിറ്റി രൂപവല്‍ക്കിരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടില്ല.

(ഇ) പര്‍ച്ചേസ് പ്രൈസ് എന്‍ഫോഴ്സ്മെന്റ് പദ്ധതി നിര്‍ത്തലാക്കിയ തീരുമാനം കയര്‍ ബോര്‍ഡ് സംസ്ഥാന ഗവണ്‍മെന്റിനെ അറിയിച്ചിട്ടില്ല. ഇത് കയര്‍ മേഖലയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് തിട്ടപ്പെടുത്താറായിട്ടില്ല. കയര്‍ സൊസൈറ്റികളേയും അതിലെ തൊഴിലാളികളേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നറിയിക്കുന്ന നിവേദനം സര്‍ക്കാരിന് ലഭിച്ചിട്ടുണ്ട്.

## എ.ഡി.ബി. വായ്പ

80. ശ്രീമതി മേഴ്സി രവി: താഴെകാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) മുന്‍ ഗവണ്‍മെന്റിന്റെ കാലത്ത് എ.ഡി.ബി. വായ്പ ലഭിക്കുന്നതിന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു;

(ബി) ഇതിന്റെ ഭാഗമായി മുന്‍ ഗവണ്‍മെന്റ് കേന്ദ്രഗവണ്‍മെന്‍റിന് ഒരു കണ്‍സപ്‌റ്റ് പേപ്പര്‍ സമര്‍പ്പിച്ചുവോ;

(സി) എ.ഡി.ബി. വായ്പ ലഭിക്കുന്നതിനായി സാമ്പത്തിക ഭരണ രംഗങ്ങളില്‍ വരുത്താനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങളെന്തെന്ന് ഇതില്‍ വിശദീകരിച്ചിരുന്നുവോ;

(ഡി) എങ്കില്‍ ഓരോ രംഗത്തും എന്തെല്ലാം പരിഷ്ക്കാരങ്ങള്‍ വരുത്താനുദ്ദേശിക്കുന്നതായാണ് അതില്‍ പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതില്‍ പറഞ്ഞിരിക്കുന്നതില്‍ നിന്ന് വ്യത്യസ്തമായി ഈ ഗവണ്‍മെന്റ് എന്തെങ്കിലും ചെയ്തുകൊള്ളാമെന്ന് കേന്ദ്രത്തിനെ അറിയിച്ചിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണന്‍ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ആന്റ് (ബി) ഒരു കണ്‍സപ്റ്റ് പേപ്പര്‍ ഇതിനായി തയ്യാറാക്കി കേന്ദ്ര ഗവണ്‍മെന്റിന് സമര്‍പ്പിക്കുകയും തുടര്‍ന്ന് ബാങ്കുമായും, കേന്ദ്ര ധനമന്ത്രാലയവുമായി 1998 മുതല്‍ ചര്‍ച്ചകളും കത്തിടപാടുകളും നടത്തിയിരുന്നു.

(സി) ഉണ്ട്.

(ഡി) (1) ഘട്ടം ഘട്ടമായി റവന്യൂ കമ്മി പൂര്‍ണ്ണമായും ഒഴിവാക്കുക. (2) സാംപത്തിക കമ്മി കുറയ്ക്കുക. (3) ട്രഷറി ഇന്‍ഫര്‍മേഷന്‍ സിസ്റ്റത്തിലൂടെ ചെലവുകളുടെ കണക്ക് നിരന്തരം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏര്‍പ്പെടുത്തുക. (4) പദ്ധതിയേതര ചെലവ് തരംതിരിച്ച് കണ്ടെത്തി മുന്‍ഗണനാക്രമത്തില്‍ നിശ്ചയിക്കുക. (5) എവിടെയൊക്കെ പദ്ധതിയേതര ചെലവ് കുറയ്ക്കുവാന്‍ കഴിയുമെന്ന് കണ്ടെത്തി അപ്രകാരം ചെയ്യുക എന്നിവ ഉള്‍പ്പെടുന്നു.

(ഇ) ഇല്ല.

## ധനകാര്യ സ്ഥാപനങ്ങളില്‍ നിന്നും എടുക്കുന്ന വായ്പ

81. ശ്രീ. എ.എ. അസീസ്:

ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ;

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം രാജ്യത്തിന് അകത്തോ പുറത്തോ ഉള്ള ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളില്‍ നിന്നും വായ്പ എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ എത്രരൂപ ഏതൊക്കെ ആവശ്യത്തിനാണെന്ന് വ്യക്തമാക്കുമോ;

(സി) എ.ഡി.ബി. വായ്പ ഏത് ഘട്ടത്തിലാണ്;

(ഡി) എ.ഡി.ബി. അല്ലാതെ മറ്റേതൊക്കെ ധനകാര്യസ്ഥാപനങ്ങളില്‍ നിന്നും വായ്പ ലഭിക്കുന്നതിനുവേണ്ടി ഗവണ്‍മെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും ആയത് ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ.-കെ. ശങ്കരനാരായണൻ (ധനകാര്യവകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) നബാർഡിൽ നിന്നും ആർ.ഐ.ഡി.എഫ് പദ്ധതിയനുസരിച്ച് 159.43 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക ഗ്രാമീണ റോഡുകൾ, പാലങ്ങൾ, ജലസേചനം, മണ്ണുസംരക്ഷണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

എൽ.ഐ.സി.യിൽ നിന്നും പാർപ്പിട പദ്ധതികൾക്കായി 492.18 കോടി രൂപയും ജി.ഐ.സി.യിൽ നിന്നും അഗ്നിശമന ഉപകരണങ്ങൾ വാങ്ങുന്നതിനായി 5.00 കോടി രൂപയും, എൻ.സി.ഡി.സി.യിൽ നിന്നും സഹകരണ മേഖലയ്ക്കായി 49.65 കോടി രൂപയും വായ്പയായി ലഭിച്ചിട്ടുണ്ട്.

(സി) വായ്പ ലഭിക്കുന്നതിനുള്ള അന്തിമ ചർച്ച നടക്കാനിരിക്കുതേയുള്ളു.

(ഡി) ലോക ബാങ്കിൽനിന്നും, കേരള സ്റ്റേറ്റ് റോഡ് പ്രൊജക്ടിനുവേണ്ടി ഏകദേശം 1250 കോടി രൂപ വായ്പ ലഭിക്കുന്ന ഒരു പദ്ധതിക്കുവേണ്ടി കരാർ ഒപ്പിട്ടുണ്ട്. താമസിയാതെ പണം ലഭ്യമാക്കുന്നതാണ്.

**പാലിന്റെ ഗുണനിലവാരം സംബന്ധിച്ച പഠന റിപ്പോർട്ട്**

82. ശ്രീ. ബി. വിജയകുമാർ:
ശ്രീ. പി. ഗംഗാധരൻ:
ശ്രീ. എം.എ. ചന്ദ്രശേഖരൻ:
ശ്രീ. സി.പി. മുഹമ്മദ്:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതി നിർദ്ദേശിച്ച പ്രകാരം, സ്വകാര്യകമ്പനികൾ വിതരണം ചെയ്യുന്ന പാലിനെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും നിയോഗിച്ചിരുന്നുവോ; എങ്കിൽ ആരെ എന്ന് വ്യക്തമാക്കുമോ;

(ബി) അദ്ദേഹം എന്തെങ്കിലും ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിരുന്നോ;

(സി) ഈ പഠനത്തിനുവേണ്ടി ഗവൺമെന്റ് ഇതുവരെ എത്രതുക ചെലവഴിച്ചു;

(ഡി) ഇതു സംബന്ധിച്ച് കേരള കാർഷിക സർവവകലാശാലയുടെ പഠനറിപ്പോർട്ട് ലഭിച്ചുവോ;

(ഇ) ഈ റിപ്പോർട്ടുകളിലെ ശുപാർശകളുടെ സാരംശം വെളിപ്പെടുത്താമോ; ഈ റിപ്പോർട്ടിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) നിയോഗിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയെയാണ് നിയോഗിച്ചിട്ടുള്ളത്.

(ബി) സമർപ്പിച്ചിരുന്നു.

(സി) ഈ പഠനത്തിനുവേണ്ടി 8.4 ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചിരുന്നു. ചെലവായ തുകയുടെ കണക്ക് ലഭ്യമല്ല.

(ഡി) ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) കോടതി നിയോഗിച്ചിട്ടുള്ള റിപ്പോർട്ട് ആയതുകൊണ്ട് സാരാംശം വെളിപ്പെടുത്താനാവില്ല.
ഉദിക്കുന്നില്ല.

**കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ**

83. ശ്രീ. പി.സി. ജോർജ്ജ്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. ടി.കെ. ബാലൻ:
ശ്രീ. ടി.കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി സംസ്ഥാന ഗവൺമെന്റ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ;

(ഡി) കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച ഇടക്കാല സാമ്പത്തിക പരിഷ്ക്കാരങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് സംസ്ഥാനത്ത് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(എഫ്) കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം സിവിൽസർവ്വീസ് രംഗത്തും ഊർജ്ജമേഖലയിലും വ്യാവസായിക മേഖലയിലും എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നു വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) 11-ാം ധനകാര്യ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള സാമ്പത്തിക പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചുവരുന്നു.

(ബി) നാലു മേഖലയിലെ പരിഷ്ക്കരണമാണ് മുഖ്യമായും ഉദ്ദേശിച്ചിരിക്കുന്നത്. ഇവ ചുവടെ ചേർക്കുന്നു.

1. **<u>സാമ്പത്തിക പരിഷ്ക്കരണം</u>**

* നികുതി ഘടന വിപുലീകരിക്കുക
* മൂല്യവർദ്ധിത നികുതി നടപ്പിലാക്കുക
* ഉപയോഗത്തിന്റെ അടിസ്ഥാനത്തിലുള്ള ചാർജ്ജുകൾ പരിഷ്ക്കരിക്കുക. അതോടൊപ്പം സേവനത്തിനനുസരിച്ച് വിലയീടാക്കൽ ഉറപ്പുവരുത്തുക
* പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിരോധനം
* ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം കുറച്ചുകൊണ്ടു വരികയും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് വിലക്ക് ഏർപ്പടുത്തുകയും ചെയ്യുക.

2. **<u>ഊർജ്ജ മേഖലയിലെ പരിഷ്ക്കരണം</u>**

* രണ്ടു വർഷത്തിനകം ഊർജ്ജനിരക്കിനു തുല്യമായ ശരാശരി താരിഫ് കൈവരിക്കുക.
* സ്റ്റേറ്റ് റഗുലേറ്ററി കമ്മിഷൻ രൂപീകരിക്കുക
* ഉല്പാദനം, പ്രസരണം, വിതരണം എന്നിവയുടെ മുഖ്യമായി നിർവഹണം കണക്കിലെടുത്ത് കെ.എസ്.ഇ.ബി.യിൽ വേർതിരിവുകൾ വരുത്തുകയും ചുമതലപ്പെടുത്തുകയും ചെയ്യുക.
* പ്രസരണത്തിലെയും വിതരണത്തിലെയും നഷ്ടം പ്രതിവർഷം 5% ആയി കുറയ്ക്കുക.
* 11 കെ.വി. സബ്സ്റ്റേഷൻ തലം വരെ 100% മീറ്ററിംഗ് ഏർപ്പെടുത്തുക.
* വിതരണത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം പ്രോൽസാഹിപ്പിക്കുന്നതിലേക്കായി പ്രാരംഭപദ്ധതി നടപ്പിലാക്കുക.

3. **<u>പൊതുമേഖലകളുടെ പുന:സംഘടന</u>**

* നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോ കേസിന്റെയും അടിസ്ഥാനത്തിൽ സമഗ്രമായ സ്വയം പിരിഞ്ഞുപോകൽ പദ്ധതി ഏർപ്പെടുത്തുക.
* നിക്ഷേപം, സാങ്കേതിക വിദ്യ, പ്രൊഫഷണലിസം എന്നിവ പൊതുമേഖലാസ്ഥാപനങ്ങളിൽ സമാഹരിക്കുന്നതിലേക്കായി സ്വകാര്യ പങ്കാളിത്തം പ്രോൽസാഹിപ്പിക്കുക.

4. **<u>ബഡ്ജറ്റ് പരിഷ്ക്കരണം</u>**

* ശമ്പളത്തിലും ആനുകൂല്യത്തിലുമുള്ള മൊത്തമായ ചെലവ് കാണിക്കത്തക്ക രീതിയിൽ ഒരു പ്രത്യേക ഷെഡ്യൂൾ വാർഷിക ബഡ്ജറ്റിൽ വയ്ക്കുക.
* പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതു സംബന്ധിച്ച് ചെലവ് കാണിക്കുന്ന ഒരു പ്രത്യേക ഷെഡ്യൂൾ ബഡ്ജറ്റിൽ വയ്ക്കുക
* വർഷാടിസ്ഥാനത്തിലും പദ്ധതി അടിസ്ഥാനത്തിലും നിലനിൽക്കുന്ന ഗ്യാരന്റി, പ്രത്യേക ഷെഡ്യൂളിൽ ഉൾപ്പെടുത്തുക.

*  അടിസ്ഥാനപരമായ ഘടകങ്ങൾ കാണിച്ചുകൊണ്ട് സാമ്പത്തിക സുതാര്യത വെളിപ്പെടുത്തുംവിധം ഒരു പ്രത്യേക അനുബന്ധം ചേർക്കുക

(സി) ഇല്ല. കത്ത് കൈമാറ്റം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. പതിനൊന്നാം ധനകാര്യ കമ്മിഷന്റെ റിപ്പോർട്ടിന്റെ തുടർച്ചയായി വന്ന സംസ്ഥാനങ്ങളുടെ സാമ്പത്തിക പരിഷ്ക്കരണ സംവിധാനങ്ങളെ സംബന്ധിക്കുന്ന സപ്ളിമെന്ററി റിപ്പോർട്ടിൽ ഇതു പരിശോധിക്കുന്നതിലേക്കായി കേന്ദ്രതലത്തിൽ ഒരു മോണിറ്ററിംഗ് രൂപീകരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഈ പരിപാടിയുടെ നടത്തിപ്പിലേക്കായി ഊർജ്ജം, വ്യവസായം, നികുതി, പ്ളാനിംഗ്, ധനകാര്യം എന്നീ വകുപ്പു സെക്രട്ടറിമാർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഇ) ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

(എഫ്) ഉല്പാദനം, പ്രസരണം, വിതരണം എന്നിവയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യെ മൂന്നായി ലാഭകേന്ദ്രങ്ങളായി വേർതിരിക്കാൻ ഇലക്ട്രിസിറ്റി സ്റ്റേറ്റ് റഗുലേറ്ററി കമ്മിഷൻ രൂപീകരണം, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിരോധനം, ഗ്യാരന്റി പുനഃസമാഹരണ നിധിയുടെ രൂപീകരണം എന്നിവയിൽ നടപടി നടക്കുന്നു.

**<u>ഓൺ ലൈൻ ലോട്ടറി സംവിധാനം</u>**

84. ശ്രീ. കെ.സി.ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റിന്റെ പങ്കാളിത്തത്തിലോ ആഭിമുഖ്യത്തിലോ ഓൺ ലൈൻ ലോട്ടറി ആരംഭിക്കുവാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും വിദേശ മലയാളി സംരംഭകരോ സ്ഥാപനങ്ങളോ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ് നിർദ്ദേശം സമർപ്പിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റു സംസ്ഥാന ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിലുള്ള ഓൺലൈൻ ലോട്ടറികൾക്ക് കേരളത്തിൽ പ്രചാരം വർദ്ധിക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് ഗുണകരമല്ല എന്ന കാര്യം പരിഗണിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഓൺലൈൻ ലോട്ടറി നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്ത് ഇപ്പോൾ ലോട്ടറി ടിക്കറ്റ് വിൽപ്പന നടത്തുന്നവരെക്കൂടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുമോ;

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്

(ബി) ഉണ്ട്.

(സി) ഡോക്ടർ മോഹൻ തോമസ്, ഇ.എൻ.റ്റി. സ്പെഷ്യലിസ്റ്റ്, ദോഹ.

(ഡി) മറ്റു സംസ്ഥാന ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിലുള്ള ഓൺലൈൻ ലോട്ടറികൾക്ക് കേരളത്തിൽ പ്രചാരം വർദ്ധിക്കുന്നത് സംസ്ഥാനത്തിന്റ സാമ്പത്തിക താല്പര്യങ്ങൾക്ക് ഗുണകരമല്ല എന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതിന് ആവശ്യമായതും ഉചിതമായതുമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നതാണ്.

(ഇ) ഓൺ ലൈൻ ലോട്ടറി നടപ്പിലാക്കുന്നതു സംബന്ധിച്ച ശുപാർശയിന്മേൽ അന്തിമ തീരുമാനം എടുത്തശേഷം മാത്രമേ ഇക്കാര്യം പരിശോധിക്കാൻ കഴിയുകയുള്ളു

**<u>ഭക്ഷ്യസാധനങ്ങളും മറ്റ് ധാന്യങ്ങളും വാങ്ങുന്നതിന് സബ്സിഡി</u>**

85. ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-സിവിൽ സപ്ളൈസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ വിപണന ഏജൻസികൾക്ക് ഭക്ഷ്യസാധനങ്ങളും മറ്റ് ധാന്യങ്ങളും വാങ്ങുന്നതിന് എത്ര ശതമാനം സബ്സിഡിയാണ് നൽകിവരുന്നത്;

(ബി) കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യസാധനങ്ങൾ ഇത്തരം ഏജൻസികളിലൂടെ വില കുറച്ചു വിൽക്കുന്നുണ്ടോ;

(സി) സർക്കാർ സബ്സിഡി നൽകുന്നെങ്കിലും ഇത്തരം ഏജൻസികൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി):-**

(എ) ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പിനു കീഴിൽ വിപണന ഏജൻസികൾ പ്രവർത്തിക്കുന്നില്ല.

(ബി)&(സി): ഉദിക്കുന്നില്ല.

**വ്യാജമദ്യം പിടിക്കുന്നതിന് നടത്തിയ റെയ്ഡുകൾ**

86. ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. പി.ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വ്യാജമദ്യം പിടിക്കുന്നതിന് റെയ്ഡുകൾ നടത്താറുണ്ടോ;

(ബി) ഉണ്ടെങ്കിൽ റെയിഡുകളെ തുടർന്ന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) എക്സൈസ് വകുപ്പ് 3363 കേസ്സുകളും പോലീസ് 7142 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**മാവേലി സ്റ്റോറുകൾ**

87. ശ്രീ. പി. നാരായണൻ:
ശ്രീ. പി.എസ്. സുപാൽ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര മാവേലി സ്റ്റോറുകളെ 'ലാഭം' മാർക്കറ്റുകളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മാറ്റം വരുത്തുന്നതുകൊണ്ടുള്ള മെച്ചമെന്താണെന്നു വെളിപ്പെടുത്തുമോ?

**ഉത്തരം:**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി):-**

(എ) 21 മൊബൈൽ മാവേലി ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ 901 മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നു.

(ബി) 13 മാവേലിസ്റ്റോറുകളെ 'ലാഭം' മാർക്കറ്റുകളാക്കി മാറ്റിയിട്ടുണ്ട്.

(സി) ഉപഭോക്താക്കൾക്ക് കൂടുതൽ ആധുനിക സൗകര്യങ്ങളാണ് 'ലാഭം' മാർക്കറ്റിൽ സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഏർപ്പെടുത്തിയിരിക്കുന്നത്. പായ്ക്ക് ചെയ്ത ഉല്പന്നങ്ങൾ, സെൽഫ് സർവ്വീസ്, കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് എന്നീ സൗകര്യങ്ങളോടെ പ്രമുഖ കമ്പനികളുടെ ഗുണമേന്മയുള്ള ഉല്പ്പന്നങ്ങളെല്ലാം ഒരു കുടക്കീഴിൽത്തന്നെ ഉപഭോക്താക്കൾക്ക് സ്വയം തെരഞ്ഞെടുക്കാൻ സാധിക്കുന്ന തരത്തിലാണ് 'ലാഭം' മാർക്കറ്റുകൾ സജ്ജീകരിച്ചിട്ടുള്ളത്. മാവേലി സ്റ്റോറുകളിലെ അതേവിലയ്ക്കു തന്നെയാണ് ഇവിടെയും സാധനങ്ങൾ വില്പന നടത്തുന്നത്. പായ്ക്കിംഗ് ചാർജ്ജ് മാത്രമേ അധികമായി ഈടാക്കുന്നുള്ളു. 'ലാഭം' മാർക്കറ്റുകൾ മൂലമുണ്ടാകാവുന്ന വില്പന വർദ്ധനവ് ജനങ്ങൾക്ക് ലാഭമുണ്ടാക്കുന്നതോടൊപ്പം സപ്ളൈകോയുടെ വിറ്റുവരവ് കൂടുതൽ മെച്ചമാകുന്നതിനും സഹായകമാകും.

**ചെത്ത്-മദ്യ വ്യവസായ തൊഴിലാളികൾ നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കാനുള്ള നടപടി**

88. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ടി.പി. രാമകൃഷ്ണൻ:

ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സംരക്ഷണം മുൻനിർത്തി ചെത്ത്-മദ്യ വ്യവസായ തൊഴിലാളി യൂണിയനുകളുടെ സംയുക്ത സമരസമിതി നടത്തിവരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സമരം ഒത്തുതീർപ്പാക്കുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 2002-ലെ മദ്യനയംനടപ്പിലാക്കിയതിനെ തുടർന്ന് ചെത്ത്-മദ്യ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് തൊഴിലാളി സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) പുതിയ മദ്യനയം പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ വന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ; ഇതിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) 2002 ജൂൺ 7-ാം തീയതി ബഹു: ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ബന്ധപ്പെട്ട സംഘടനാ നേതാക്കളുമായി ചർച്ച നടത്തുകയുണ്ടായി

(സി) ഉണ്ട്.

(ഡി) സർക്കാരിനു ലഭിച്ച നിവേദനങ്ങളുടേയും തൊഴിലാളി സമരങ്ങളുടെയും അടിസ്ഥാനത്തിൽ ചെത്ത്-മദ്യ വ്യവസായ തൊഴിലാളി സംഘടനാ പ്രതിനിധികളുമായും എക്സൈസ് കമ്മിഷണറുമായും ബഹു: ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ജൂൺ 7-ന് ചർച്ച നടത്തുകയുണ്ടായി. പുതിയ മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കള്ളുഷാപ്പുകൾ ഒറ്റക്കൊറ്റയ്ക്ക് വിൽക്കുവാൻ തീരുമാനിച്ചത് പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഷാപ്പിന്റെ ലൈസൻസ് ഫീസിനോടൊപ്പം തൊഴിലാളികളുടെ വേതനത്തിന്റെ ഒരു മാസത്തെ തുകയ്ക്ക് തുല്യമായ സംഖ്യ മുൻകൂർ അടക്കണമെന്നും കള്ളുവ്യവസായ ക്ഷേമനിധികൾ മൂന്നു മാസത്തെ ക്ഷേമനിധിവിഹിതം അടക്കണമെന്നുമാണ് വ്യവസ്ഥ. കൂടാതെ നിർത്തലാക്കപ്പെട്ട ഷാപ്പുകളിലെ തൊഴിലാളികളെ നിലനിർത്തുന്ന ഷാപ്പുകളിൽ പുനർവിന്യസിക്കുകയും ചാരായ നിരോധനത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട ചാരായ തൊഴിലാളികളെ ഇപ്പോൾ നിലനിൽക്കുന്ന കള്ളുഷാപ്പുകളിൽ ജില്ലാതല സീനിയോറിറ്റി അടിസ്ഥാനത്തിൽ ഓരോ ഷാപ്പിൽ ഒരാളെ വീതം നിയമിക്കണമെന്നും വ്യവസ്ഥയുണ്ട്. ജൂൺ 7-ലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ബാക്കിയുള്ള കള്ളുഷാപ്പുകൾ മുഴുവനും വിൽക്കുന്നതിനായി തൊഴിലാളികളുടെ ഒരു മാസത്തെ വേതനം മുൻകൂറായി നൽകണമെന്ന വ്യവസ്ഥ വേണ്ടെന്നു വയ്ക്കുകയും, കള്ള് വ്യവസായ ക്ഷേമനിധിയിലേക്കുള്ള തുക മൂന്നുമാസത്തേത് അടക്കണമെന്നുള്ളത് മാറ്റി ഒരു മാസമാക്കി കുറയ്ക്കുകയും ഒരാൾക്ക് മൂന്നു ഷാപ്പുകൾവരെ വാങ്ങിക്കുന്നതിനുള്ള അനുവാദം നൽകാനും തീരുമാനിച്ചു. ഈ വ്യവസ്ഥകൾ സംസ്ഥാനത്ത് വിൽപ്പനയ്ക്കു പോകാത്ത 1001 ഷാപ്പുകൾക്ക് മാത്രമായിരിക്കും. ഇതിൻപ്രകാരം ബന്ധപ്പെട്ട ചട്ടത്തിൽ ഭേദഗതി വരുത്തുകയും ചെയ്തു. മേൽ ചർച്ചയിൽ തൊഴിലാളികളുടെ ശേഷിക്കുന്ന ആവശ്യങ്ങളിൻമേൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ തൊഴിലാളി യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി പരിഹാരം നേടണമെന്നും നിർദ്ദേശിച്ചു.

**<u>കാർഷിക മേഖലയിൽ ജൈവ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ നടപടി</u>**

89. ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. കെ. നാരായണക്കുുറുപ്പ്:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ജൈവ സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കാർഷിക രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ശാസ്ത്രീയമായ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ(കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ജൈവ സാങ്കേതിക രംഗത്ത് ടിഷ്യൂ കൾച്ചറൽ സാങ്കേതികവിദ്യ മുഖേന ജനിതക മേന്മയുള്ള ഇനങ്ങളുടെ തൈകൾ കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ഉല്പ്പാദിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടത്ത് ഒരു സയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചറൽ സെന്റർ പ്രവർത്തിക്കുന്നുണ്ട്. പുഷ്പയിനത്തിൽ ഓർക്കിഡ് അലങ്കാര സസ്യയിനത്തിൽപ്പെട്ട നേന്ത്രൻ, ക്വിന്റൽ വാഴ, കപ്പവാഴ എന്നിവയുടെ തൈകൾ വൻതോതിൽ നടപ്പുവർഷം ഉൽപ്പാദിപ്പിക്കാനുള്ള തീവ്രശ്രമം നടത്തിവരികയാണ്.

കേരളത്തിൽ ജൈവസാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ കാർഷികമേഖലയിൽ സമഗ്രമായി കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനും പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനുമായി ഡോ. വി.എൽ. ചോപ്ര, പ്രസിഡന്റ് നാഷണൽ അക്കാഡമി ഓഫ് അഗ്രിക്കൾച്ചറൽ സയൻസസ്, ന്യൂഡൽഹി, ചെയർമാനും കാർഷികോല്പ്പാദന കമ്മിഷണർ കൺവീനറുമായി ഒരു ഉന്നതതല കമ്മിറ്റി ജി.ഒ.എം.എസ്.നംപർ.33/2002 എഡി തീയതി 28-2-2002 കൃഷി (എൻസിഎ) വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുണ്ട്. ആറുമാസത്തിനുള്ളിൽ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രതീക്ഷിക്കുന്നു. ജൈവകീട നിയന്ത്രണ രംഗത്ത് ജൈവീക കീടനാശിനികൾ ഫലപ്രദമായും വ്യാപകമായും ഉപയോഗിച്ചുവരുന്നുണ്ട്. കൃഷിവകുപ്പിന്റെ പദ്ധതികളിൽ അവയ്ക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്.

ഫലപ്രദമായ രോഗകീട നിയന്ത്രണത്തിന് എതിർപ്രാണികളെ ഉപയോഗിച്ച് രോഗകീടബാധയെ അമർച്ച ചെയ്യുന്ന രീതിയും സ്വീകരിക്കുന്നുണ്ട്. മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ബയോ കൺട്രോളർ ലാബിൽ നെല്ലിലെ ഇലചുരുട്ടിപ്പുഴു , കുരുമുളകിലെ ദ്രുതവാട്ടം, ഇഞ്ചിയിലെ വേരഴുകൽ, തുടങ്ങിയ രോഗകീടങ്ങൾക്കെതിരെയുള്ള എതിർപ്രാണികളെ വളർത്തിയെടുത്ത് കർഷകർക്ക് ന്യായവിലക്ക് നൽകിവരുന്നു.

(സി) നെൽകൃഷി മേഖലയിൽ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം പ്രോൽസാഹിപ്പിക്കുക, പരംപരാഗത കൃഷിയിടങ്ങൾ പരമാവധി പരിപോഷിപ്പിക്കുക, അനുയോജ്യ യന്ത്രവൽക്കരണം ജലപരിപാലനം മണ്ണ് പരിശോധനാ കാമ്പയിനുകൾ സംഘടിപ്പിച്ച് സംയോജിത വളപരിപാലനം പ്രോൽസാഹിപ്പിക്കുക, സംയോജിത കീടപരിപാലനം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതികളുടെ ഭാഗമായി നടപ്പാക്കുന്നതാണ്.

തെങ്ങുകൃഷി മേഖലയിൽ കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുക, മെച്ചപ്പെട്ട തെങ്ങിൻതൈ ഉല്പ്പാദിപ്പിച്ച് വിതരണം നടത്തുക, കിണറുകളും പമ്പുസെറ്റുകളും അനുവദിച്ച് കൂടുതൽ കൃഷിയിടങ്ങളിൽ ജലസേചനമെത്തിക്കുക, സംയോജിത വളപ്രയോഗത്തിലൂടെ തോട്ടങ്ങളുടെ പരിപാലനം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്.

കുരുമുളകുൾപ്പെടെയുള്ള സുഗന്ധവിളകളിൽ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പ്പാദിപ്പിച്ച് വിതരണം ചെയ്യുക, പഴയതോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുക, സംയോജിത കീടരോഗ പരിപാലനം, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കാനാകും.

പച്ചക്കറിക്കൃഷി മേഖലയിൽ മേൽത്തരം വിളകളുടെ ഉല്പ്പാദന വിതരണം പരംപരാഗത കൃഷിയിടങ്ങൾക്ക് പ്രത്യേക ഫോത്സാഹനം തുടങ്ങിയ നടപടികളിലൂടെ ഉല്പ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയും.

വിളവെടുപ്പുകാലത്ത് നെല്ലിനുണ്ടാകുന്ന വിലയിടിവ് തടയുന്നതിനായി നെല്ലുസംഭരണത്തിനും നാളികേരം, കുരുമുളക് തുടങ്ങിയവയ്ക്ക് ന്യായവില ലഭിക്കുന്നതിനും സംസ്ക്കരണത്തിനും, മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാർഷിക ഉല്പ്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനും, മദ്ധ്യവർത്തികളുടെ ഇടപെടൽ ഒഴിവാക്കുന്നതിനും ഗ്രാമീണ ചന്തകളും ശക്തിപ്പെടുത്താവുന്നതാണ്.

## <u>സംസ്ഥാനത്ത് എ.ഡി.ബി. വായ്പ  ലഭ്യമാക്കുന്നതിനുള്ള നടപടികൾ</u>

90. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് എ.ഡി.ബി. വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വായ്പയുടെ ആദ്യഗഡു എന്നത്തേക്ക് ലഭിക്കുമെന്നും പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>**ഉത്തരം**</u>

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):**

(എ) ഏഷ്യൻ വികസന ബാങ്കിന്റെ ഒരു ടെക്നിക്കൽ മിഷൻ 2002 മെയ് 27 മുതൽ 30 വരെ കേരളം സന്ദർശിക്കുകയുണ്ടായി. ലോൺ ലഭ്യമാക്കുന്നതിനുള്ള അന്തിമ ചർച്ച നടക്കാനിരിക്കുന്നതേയുള്ളു.

(ബി) ആദ്യ ഗഡു ഈ സാമ്പത്തിക വർഷം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു. വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.